(ബി) അപേക്ഷ സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ യഥാസമയം ലഭിച്ചിട്ടും പ്രസ്തുത ഫയലിൽ തീരുമാനം വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ കാര്യത്തിൽ കോഴിക്കോട് റീജിയണൽ ടൗൺ പ്ലാനറുടെ റിപ്പോർട്ട് സർക്കാരിന് കിട്ടിയിട്ടുണ്ട്. അതിന്മേൽ സർക്കാർ ചീഫ് ടൗൺ പ്ലാനറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത്‌രാജ് ആക്ട് 220(ബി) ലംഘിക്കുന്നതിനാലാണ് നമ്പർ നൽകാത്തത്. ഇക്കാര്യത്തിൽ വിശദമായ റിപ്പോർട്ട് ചീഫ് ടൗൺ പ്ലാനർ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 'എ' ഭാഗത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മൊബൈൽ ഫോൺ ഉപയോഗവും ആരോഗ്യ പ്രശ്നങ്ങളും

111 [3808] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :*
ശ്രീ. തോമസ് ഉണ്ണിയാടൻ :
,, ജോസഫ് എം. പുതുശ്ശേരി :
,, സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ ഫോൺ ഉപയോഗം വിവിധങ്ങളായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നു എന്നുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ശാസ്ത്രീയ കാരണങ്ങളും ഭവിഷത്തുകളും വിശദമാക്കാമോ;

(സി) മൊബൈൽ ഫോൺ ഉപയോഗം സർവ്വസാധാരണമായിരിക്കുന്ന സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് അവലംബിക്കാവുന്ന പ്രതിരോധ ഉപാധികൾ വിശദമാക്കുമോ?

ഉത്തരം

(എ)—(സി) മൊബൈൽ ഫോൺ ഉപയോഗം കാരണം സംജാതമാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly